## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6019** **09-07-2024 - ൽ മറുപടിയ്ക്ക്**

## സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാധ്യതകളും പരിമിതികളും തിരിച്ചറിഞ്ഞുകൊണ്ട് വ്യവസായരംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നിക്ഷേപത്തിനും സംരംഭകത്വത്തിനും അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടു വരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, 2023 നിലവിൽ വന്നിട്ടുണ്ട്.<br><br>കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും, സംസ്ഥാ നത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവ ശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായ വത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു.<br><br>വ്യവസായ വാണിജ്യ മേഖലയിൽ സംസ്ഥാന സർക്കാർ പുതിയതായി ആവിഷ്കരിച്ചുവരുന്ന നയങ്ങളും പദ്ധതികളും അടിസ്ഥാനമാക്കി വ്യവസായ സംരംഭകത്വത്തിന് ഊന്നൽ നൽകുന്ന രീതിയിൽ പുറപ്പെടുവിച്ച പുതിയ നിയമ നിർമ്മാണങ്ങളും നിയമ ഭേദഗതികളും മുൻനിർത്തിയും കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തമായ നിക്ഷേപ |

സംസ്ഥാനമാക്കി മാറ്റുന്നതിനും സംയോജിത നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് സമഗ്രമായ വ്യാവസായ നയം ആവിഷ്കരിച്ചിട്ടുള്ളത്. പരിവർത്തന കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സജ്ജമാക്കുന്നതിനും നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിക്കുന്നതിനും നവീന ആശയങ്ങൾ വളർത്തുന്നതിനും തദ്വാര സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമായ രീതിയിൽ 7 സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുന്ന രീതിയിൽ ആണ് കേരള വ്യവസായ നയം 2023 അംഗീകരിച്ച് ഉത്തരവായിട്ടുള്ളത്.

ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് വ്യവസായ നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവ്വഹണ ത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാ ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയം ലക്ഷ്യമിടുന്നു. വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചുവടെ നൽകിയിരിക്കുന്ന ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ആവശ്യമാണ്;

1. സംരംഭകത്വ പ്രോത്സാഹനം.

2. അടിസ്ഥാന സൗകര്യമൊരുക്കൽ.

3.ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം.

4.നൈപുണ്യ വികസനം.

5.വ്യവസായ സൗഹൃദ അന്തരീക്ഷം.

6.കേരളം എന്ന ബ്രാൻഡിനെ വളർത്തുക.

7. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം.

| | | | |
|---|---|---|---|
| | | | വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകൾ പ്രഖ്യാപിക്കുകയും അത്തരം സംരംഭങ്ങൾക്കായി 18 സഹായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ബാങ്കുകൾ വഴി വർക്കിങ് ക്യാപ്പിറ്റൽ ലോൺ ലഭ്യമാക്കാൻ വ്യവസായ വകുപ്പ് ബാങ്കുകളുമായി ധാരണയിലെത്താനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) നടപ്പിലാക്കുന്നുണ്ട്.<br><br>കൂടാതെ ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിന്മേൽ സഹായം ലഭ്യമാക്കുന്നതിനുള്ള "ഒരു കുടുംബം ഒരു സംരംഭം" പദ്ധതി വ്യവസായ വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | കടം കൊടുക്കുന്നത് തിരികെ കിട്ടാനുള്ള താമസം കാരണം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ നേരിടുന്ന സാമ്പത്തിക ഞെരുക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി റിസർവ് ബാങ്ക് ട്രേഡ് റിസീവബിൾസ് ഇലക്ട്രോണിക് ഡിസ്കൗണ്ടിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | GO (MS) No.40/2022/ID തീയതി 16.05.2022 പ്രകാരം, പൊതുമേഖല സ്ഥാപനങ്ങൾ, കമ്പനികൾ, തദ്ദേശ സ്വയ ഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന് കീഴിലുള്ള എല്ലാ സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ/സൊസൈറ്റികൾ എന്നിവ ഉൾപ്പെടുന്ന എല്ലാ അപെക്സ് കോ-ഓപ്പറേറ്റീവുകൾക്കും MSME-കളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള TReDS-ൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ ഫൈനാൻസിയർമാർ മുഖേന ലഭിക്കുന്ന തുക പണമാക്കി മാറ്റി പ്രവർത്തന മൂലധനം ആക്കി ഉപയോഗിക്കുവാൻ MSME-കൾക്ക സൗകര്യമൊരുക്കാൻ സജ്ജീകരി ഓൺലൈൻ പ്ലാറ്റ്ഫോമാണ് TReDS കൃത്യസമയത്ത് ലഭിക്കേണ്ട തുകകൾ എൻക്യാഷ് ചെയ്യുക, ക്രെഡിറ്റ് റിസ്ക പരമാവധി ഇല്ലാതാക്കുക എന്നിവയാണ് ഈ പ്ലാറ്റ്ഫോമിന്റെ പ്രധാന ലക്ഷ്യം ഇൻവോയ്സ്മാർട്ട്, റിസീവബിൾസ എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (RXIL) മൈൻഡ് സൊല്യൂഷൻസ് (M1 എക്സ്ചേഞ്ച്) എന്നിവയാണ് രാജ്യത്തെ മൂന്ന് പ്രധാന TReDS പ്ലാറ്റ്ഫോമുകൾ. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിൽ വളരെ കുറച്ച് സംരംഭങ്ങൾ മാത്രമേ ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും എം.എസ്.എം.ഇ. കളും ട്രേഡ്സ് പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രോത്സാഹന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ TReDS പ്ലാറ്റ്ഫോമിൽ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി, "കേരളീയം" പരിപാടിയുമായി ബന്ധപ്പെട്ട് 2023 നവംബർ 4 ന് തിരുവനന്തപുരത്ത് Board for Public sector Transformation (BPT) യുമായി സഹകരിച്ച് എല്ലാ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും ശിൽപശാല നടത്തി. എല്ലാ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ ശിൽപശാലയിൽ പങ്കെടുത്തു. ഇൻവോയ്സ്മാർട്ട്, റിസീവബിൾസ് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (ആർഎക്സ്ഐഎൽ), മൈൻഡ് സൊല്യൂഷൻസ് (എം1 എക്സ്ചേഞ്ച്) എന്നിവയുടെ പ്രതിനിധികൾ അവതരണം നടത്തി. TReDS പ്ലാറ്റ്ഫോമിൽ അവരെ പിന്തുടരുന്നതിന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കോൺടാക്ട് വിശദാംശങ്ങൾ ഏജൻസികൾക്ക് കൈമാറി. വ്യവസായ വകുപ്പ് മുഖേന MSME യൂണിറ്റുകൾക്കായി നടപ്പിലാക്കുന്ന ശില്പശാലകളിലും , സെമിനാറുകളിലും TReDS സംബന്ധിച്ച വിവരണം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ